I ഇ.ബി. XIV-കേരള നിയമസഭ/XVI-5

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2019 നവംബർ 01, വെള്ളി

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക സമ്മേളനം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം

മി. സ്പീക്കർ: രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികാഘോഷവേളയിൽ നടക്കുന്ന ഈ പ്രത്യേക സമ്മേളനം ഏറെ അഭിമാനകരമാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഒരു ജനതയെയാകെ സ്വാധീനിച്ച വ്യക്തികളാണ് ഗൗതമബുദ്ധനും ഗാന്ധിജിയും. ഒരു ജനതയെ ഒന്നിച്ചുനിർത്തിയ ശക്തിയായതിനാൽ അദ്ദേഹം 'മഹാത്മാ' എന്നറിയപ്പെട്ടു. സത്യത്തെ

ഗ്രഹിക്കാനുള്ള യാത്ര നടത്തുകയും അഹിംസ ലോകമാകമാനം ശ്രദ്ധിക്കുന്ന ദർശനമാക്കാനും അദ്ദേഹം പ്രയത്നിച്ചു. മതം എന്നത് ധാർമ്മികവും നൈതികവുമായ മൂല്യങ്ങളാണെന്നും അത് പ്രപഞ്ചത്തെ നയിക്കുന്ന ധാർമ്മിക ക്രമമാണെന്നും വിവിധ മതമൂല്യങ്ങളെ സംയോജിപ്പിക്കുന്നതാണെന്നും ഗാന്ധിജി വ്യക്തമാക്കി. ഭരണാധികാരികളും ഉദ്യോഗസ്ഥരും മതനിരപേക്ഷ രാഷ്ട്രത്തിനായി ശ്രമിച്ചാൽ പ്രകാശമാനമായ രാഷ്ട്രം പണിതുയർത്താൻ കഴിയുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അധികാര വികേന്ദ്രീകരണം അനിവാര്യമാണെന്നും ശക്തർക്കുള്ള അവസരങ്ങൾ ദുർബലർക്കും ലഭ്യമാകുന്നതാണ് ജനാധിപത്യമെന്നും വിവക്ഷിച്ചു. വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങളുടെ കാലഘട്ടത്തിൽ ഗാന്ധിജി വിഭാവനം ചെയ്ത നയീതാൽ (നവീന വിദ്യാഭ്യാസം) പ്രസക്തമാണ്. മഹാത്മജിയുടെ ആശയങ്ങളും ചിന്താധാരകളും തിരികെക്കൊണ്ടുവരുക എന്നതാകണം അദ്ദേഹത്തെ ആദരിക്കുന്നതിലൂടെ നാം ചെയ്യേണ്ടത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഇന്ത്യൻസമൂഹത്തെ ദേശീയ പ്രസ്ഥാനത്തിന്റെ പതാകയ്ക്കുകീഴിൽ ഒരുമിപ്പിച്ച ഗാന്ധിജി സമുദായ സൗഹാർദ്ദത്തിനുവേണ്ടി ജീവത്യാഗം ചെയ്യേണ്ടിവന്നു. കേരളം

സന്ദർശിച്ചപ്പോഴൊക്കെ ദളിതരെ സന്ദർശിക്കുന്നതിൽ ഗാന്ധിജി കാണിച്ച നിഷ്കർഷ നവോത്ഥാനത്തോടുള്ള ഗാന്ധിജിയുടെ മനോഭാവം വ്യക്തമാക്കുന്നതാണ്. അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തിയതും വൈക്കം സത്യാഗ്രഹത്തിനും മറ്റും പ്രചോദനം നൽകിയതുമൊക്കെ നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകരുന്നതാണ്. ദളിത് വിഭാഗങ്ങൾക്ക് ക്ഷേത്രത്തിനുള്ളിൽ പൂജ നടത്താൻ കഴിഞ്ഞതിലൂടെ സാക്ഷാത്കരിക്കപ്പെട്ടത് ഗാന്ധിജിയുടെ സ്വപ്നങ്ങളാണ്. ഗാന്ധിജിയുടെ ജീവചരിത്രം യഥാർത്ഥത്തിൽ ഇന്ത്യാ ചരിത്രംതന്നെയാണ്. ചരിത്രത്തിന് വഴികാട്ടിയായ ഒരു മഹാനായകനെയാണ് നാം ഇന്ന് ആദരിക്കുന്നത്. ശാന്തിയുടെയും അഹിംസയുടെയും സാഹോദര്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും മഹത്തായ സന്ദേശങ്ങൾ പകർത്തിക്കൊണ്ട് ജീവിച്ച രാഷ്ട്രപിതാവിനെയാണ് അതിക്രൂരമായി വെടിവച്ച് കൊലപ്പെടുത്തിയത്. ഗാന്ധിജിയുടെ വധം ലോകത്തെയാകെ നടുക്കിയ സംഭവമാണ്. ജീവിതവും മരണവും രാഷ്ട്രത്തിനുവേണ്ടി സമർപ്പിച്ച മഹാത്മാഗാന്ധിയുടെ സ്മരണയ്ക്കുമുമ്പിൽ സഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആത്മീയതയും വ്യാജ ആത്മീയതയും വേർതിരിച്ചറിയുക എന്നതാണ് ഗാന്ധിജിയുടെ വധത്തിൽനിന്ന് ലഭിക്കുന്ന

മികച്ച പാഠം. ഗാന്ധിയൻ മതേതര സ്വാശ്രയ ദേശീയ മൂല്യങ്ങളെ തിരികെക്കൊണ്ടുവരാൻ പരിശ്രമിക്കുന്നതാകണം ഈ ഘട്ടത്തിൽ നമ്മുടെ ദൗത്യം.

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന ഇന്ന് സർക്കാരിന്റെ തൊണ്ണൂറ് ദിവസത്തെ തീവ്രയത്ന ബോധവൽക്കരണ പരിപാടിയായ 'വിമുക്തി' പദ്ധതിയുടെ ഭാഗമായി ലഹരി വിമുക്ത കേരളം സ്ഥാപിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. പുതിയ തലമുറ നന്മയുടെ അന്തരീക്ഷത്തിൽ വളർന്നുവരണമെന്ന കാര്യത്തിൽ ഗാന്ധിജിക്ക് വലിയ നിർബന്ധമുണ്ടായിരുന്നു. ഗാന്ധിജിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30 വരെ തുടരുന്ന വിധത്തിലാണ് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി ക്രമീകരിച്ചിട്ടുള്ളത്. ഗാന്ധിജിയുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): രാഷ്ട്രപിതാവായ മഹാത്മജിയുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഏത് പ്രത്യയശാസ്ത്രമാണോ ഗാന്ധിജിയുടെ ഭൗതികസാന്നിദ്ധ്യത്തെ ഈ മണ്ണിൽനിന്ന് തുടച്ചുനീക്കിയത് ആ പ്രത്യയ ശാസ്ത്രം ഇന്ത്യൻ സാമൂഹിക

ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കുന്ന ഈ കാലഘട്ടത്തിലാണ് മഹാത്മാവിന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്നത്. തങ്ങൾക്കുവേണ്ടി തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ രാഷ്ട്രം കെട്ടിപ്പടുക്കാനുള്ള ഇന്ത്യൻ ജനതയുടെ അവകാശത്തെയാണ് സ്വാതന്ത്ര്യമെന്ന് ഗാന്ധിജി അർത്ഥമാക്കിയത്. സ്വാതന്ത്ര്യപ്രസ്ഥാനത്തെയും അതിന് നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയും ഇന്ത്യൻ ജനതയുടെ പ്രസ്ഥാനമാക്കി മാറ്റി എന്നതാണ് ഗാന്ധിജി രാഷ്ട്രത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന. അഹിംസയുടെ അടിസ്ഥാന പ്രമാണം നിർഭയത്വമാണെന്ന് തിരിച്ചറിഞ്ഞ വ്യക്തിയായിരുന്നു മഹാത്മാഗാന്ധി. ഭീരുവിനു മാത്രമേ ആയുധമെടുക്കാനും വധിക്കാനും കഴിയുകയുള്ളുവെന്നും ഹിന്ദു-മുസ്ലീം മൈത്രിയിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നതെന്നും ന്യൂനപക്ഷങ്ങളേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് സ്വാതന്ത്ര്യ സമരത്തിൽ ഉൾക്കൊള്ളിക്കുന്നതിലൂടെ മാത്രമേ ദേശീയ പ്രസ്ഥാനം സാർത്ഥകമാകുവെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഗാന്ധിജിയെ ഇല്ലാതാക്കിയ ഒരു പ്രത്യയശാസ്ത്രം ഇന്ന് താല്ക്കാലികമായിട്ടെങ്കിലും ഇന്ത്യയിൽ മേൽക്കൈ നേടിയെന്നത്

ആശങ്കയുളവാക്കുന്നതാണ്. 1931-ൽ കറാച്ചിയിൽ കൂടിയ എ.ഐ.സി.സി. സമ്മേളനത്തിലെ പ്രമേയത്തിൽ ഗാന്ധിജി മുന്നോട്ടുവച്ച നിർദ്ദേശങ്ങളാണ് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനശിലയായി മാറിയത്. ഗാന്ധിജിയെ ഉൾക്കൊള്ളാനും മനസ്സിലാക്കാനും സാധിച്ചില്ലെങ്കിൽ ഇന്ത്യയെ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധിക്കുകയില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേരളപ്പിറവി ദിവസംതന്നെ ഗാന്ധിജിയെ സ്മരിക്കുന്നതിനായി പ്രത്യേക സമ്മേളനം നടത്താനെടുത്ത തീരുമാനത്തെ അഭിനന്ദിക്കുന്നു. ലോകത്തിന് വഴിവിളക്കായ ഇന്ത്യയുടെ രാഷ്ട്രപിതാവിനെ ഏറെ സവിശേഷതകളോടെയാണ് അനുസ്മരിക്കുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും നമുക്ക് പകർന്നുതന്ന മൂല്യങ്ങൾ സ്വായത്തമാക്കുകയെന്നതാണ് പരമപ്രധാനം. ഗാന്ധിജിയുടെ ഘാതകനെ മഹത്വവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ രാജ്യത്ത് നടക്കുന്നത് നാം ആശങ്കയോടെയാണ് കാണേണ്ടത്. സത്യം, സ്നേഹം, അഹിംസ എന്നീ മഹത്തായ ആശയങ്ങൾ മുറുകെപ്പിടിച്ചതിലൂടെയാണ് അദ്ദേഹം ജനങ്ങൾക്ക് പ്രിയപ്പെട്ടവനായത്. ദളിതരും ആദിവാസികളും താഴ്ന്ന ജീവിതനിലവാരം

പുലർത്തുന്നവരും പീഡനത്തിനും കൊലപാതകത്തിനും ഇരയാകുന്നത് മഹാത്മാഗാന്ധി മുന്നോട്ടുവച്ച ആശയങ്ങളിൽനിന്നും ഇന്ത്യൻ ജനത വ്യതിചലിക്കുന്നതിന്റെ തെളിവാണ്. അത് തിരുത്തപ്പെടണം. ഇന്ത്യ എന്നാൽ നൂറുകണക്കിന് ഗ്രാമങ്ങളുടെ ശൃംഖലയാണെന്നും ഗ്രാമങ്ങളിൽനിന്നാണ് വികസനത്തിന്റെ വെള്ളിവെളിച്ചം വരേണ്ടതെന്നും തിരിച്ചറിഞ്ഞതിനാലാണ് ഗാന്ധിജി "ഗ്രാമസ്വരാജ്" എന്ന മഹത്തായ ആശയത്തിന് രൂപം നൽകിയത്. മഹാത്മാവിന്റെ ജീവിതവും സന്ദേശങ്ങളും പഠനങ്ങൾക്കും ചർച്ചകൾക്കും വിധേയമാക്കണം. മതനിരപേക്ഷതയെയും ജനാധിപത്യത്തെയും സംരക്ഷിക്കുന്നതിനുള്ള പ്രചോദനം ഗാന്ധിജിയുടെ നിലപാടുകളിൽനിന്ന് ഈ കാലഘട്ടത്തിലും നമുക്ക് ലഭിക്കുന്നുണ്ട്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ധീരസ്മരണകൾക്കുമുന്നിൽ പ്രണാമമർപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: ഒരു ജനതയെ ഒന്നാകെ സ്വാതന്ത്ര്യ സമരത്തിന്റെ വഴിയിലേയ്ക്ക് ആവേശകരമായി ആനയിച്ച മഹത്‌വ്യക്തിയാണ് ഗാന്ധിജി. നിരവധി നേതാക്കൻമാരെ തന്റെ ചുറ്റും അണിനിരത്താൻ ശേഷിയുള്ള രാജ്യത്തെ മുഴുവൻ ആളുകളെയും ഒരുപോലെ കണ്ട ബാപ്പുജിയുടെ സ്മരണയാണ് ഈ സഭ പുതുക്കുന്നത്. ഗാന്ധിജിയുടെ "ഹിന്ദു സ്വരാജ് " എന്ന

പുസ്തകം ആവർത്തിച്ച് വായിക്കേണ്ട ഒന്നാണ്. ശ്രീനാരായണഗുരുവിനെയും അയ്യങ്കാളിയെയും കാണാൻ പോയ വ്യക്തിയാണ് ഗാന്ധിജി. അദ്ദേഹത്തിന്റെ സന്ദേശം വരുംതലമുറകൾ ഏറ്റെടുക്കണം. ഇന്ത്യാ രാജ്യത്ത് ഗാന്ധിയൻ-നെഹ്റുവിയൻ സംസ്കൃതിയെ തമസ്കരിക്കാനും തകർക്കാനും ശ്രമിക്കുന്നവർ സ്വയം നശിക്കുന്ന കാലം വരും. അതിനുവേണ്ടി ഈ രാജ്യത്തെ പ്രാപ്തമാക്കാൻ ഈ ഒത്തുചേരൽ സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഗാന്ധിജിയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ഇന്ത്യയുടെ എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യം പ്രാപ്തമാക്കാനാണ് ഗാന്ധിജി ശ്രമിച്ചത്. അദ്ദേഹം മുന്നോട്ടുവച്ച ദാരിദ്ര്യ നിർമ്മാർജ്ജനം ഒരു പരിധിവരെ ഇന്ത്യാ രാജ്യത്ത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പോഷകാഹാരക്കുറവ് നമ്മെ ബാധിക്കുന്നുണ്ട്. ആദിവാസി മേഖലയിൽ നിലനിൽക്കുന്ന പോഷകാഹാരക്കുറവ് പരിഹരിക്കണം. ഗാന്ധിജിയുടെ ധാർമ്മികശക്തി നിമിത്തമാണ് ജവഹർലാൽ നെഹ്റുവും സർദാർ വല്ലഭായി പട്ടേലും സ്വാതന്ത്ര്യ സമരത്തിലേയ്ക്കിറങ്ങിയത്. ഇന്ത്യയെ മുഴുവൻ പ്രചോദിപ്പിക്കാൻ ഗാന്ധിജിക്ക് സാധിച്ചിട്ടുണ്ട്. എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്നാണ് ഗാന്ധിജി പറഞ്ഞത്. മഹാത്മാഗാന്ധി

മുന്നോട്ടുവച്ച 'സ്വച്ഛഭാരത്' എന്ന മുദ്രാവാക്യമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഏറ്റെടുത്ത് നടപ്പാക്കിയത്. ഗാന്ധിജിയുടെ ആശയം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലും മാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. മതസൗഹാർദ്ദത്തിനും സമുദായ സൗഹാർദ്ദത്തിനും വേണ്ടിയുള്ള ഗാന്ധിജിയുടെ പോരാട്ടങ്ങൾ ഇന്നും തുടരുകയാണ്. പരിസ്ഥിതി സംബന്ധിച്ച ഗാന്ധിജിയുടെ ദർശനങ്ങൾ ഉൾക്കൊണ്ട് പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. മാതൃഭാഷയെ സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാട് പ്രാവർത്തികമാക്കണം.

ശ്രീ. സി. കെ. നാണു: അഹിംസാമാർഗ്ഗം ഉപയോഗിച്ച് രാജ്യത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിച്ച ഗാന്ധിജിയെ പോലെ മറ്റൊരാൾ ലോകചരിത്രത്തിലില്ല. കേരളത്തിൽ അവർണ്ണരുടെ ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങൾ അഹിംസാത്മകമാക്കിയത് ഗാന്ധിജിയുടെ നിർദ്ദേശങ്ങളായിരുന്നു. തികഞ്ഞ പുരോഗമനവാദിയായിരുന്ന ഗാന്ധിജിയുടെ ദർശനങ്ങൾ ആധുനിക കാലഘട്ടത്തിലും വളരെ പ്രസക്തമാണ്. സാധാരണക്കാരോടും കൃഷിക്കാരോടും ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട്

വസ്ത്രധാരണത്തിൽ അദ്ദേഹം പുലർത്തിയ മിതത്വം ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യാ വിഭജനത്തെത്തുടർന്നുണ്ടായ വർഗ്ഗീയലഹളകൾ അവസാനിപ്പിക്കുന്നതിന് ശ്രമിച്ച ഗാന്ധിജി മതസൗഹാർദ്ദത്തിനു വേണ്ടിയാണ് എക്കാലവും നിലകൊണ്ടത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ): എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ജനങ്ങൾക്ക് പ്രവൃത്തിയിലൂടെ ഗാന്ധിജി കാണിച്ചുകൊടുത്തു. ഗാന്ധിജിയുടെ ജീവിതവും സന്ദേശവും പുതുതലമുറ അറിയേണ്ടതായിട്ടുണ്ട്. മാനവികതയിൽ ഊന്നിനിന്നുകൊണ്ടുള്ള കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. കഠിനവും ത്യാഗനിർഭരവുമായ വഴിയിലൂടെ അനവരതം സഞ്ചരിച്ചുകൊണ്ട് മഹാത്മജി കൈവശപ്പെടുത്തിയ സംസ്കാരത്തിന്റെ പ്രഭ രാഷ്ട്രത്തിന്റെ മുഖശോഭയായിത്തീർന്നുവെന്നതാണ് സത്യം. ആത്മാർത്ഥതയും സത്യസന്ധതയും എന്താണെന്ന് സ്വജീവിതത്തിലൂടെ കാണിച്ചുകൊടുക്കാൻ മഹാത്മജിക്ക് കഴിഞ്ഞു. ഗാന്ധി ഘാതകരെ പുകഴ്ത്തുന്ന സമീപനത്തിനെതിരെയുള്ള പോരാട്ടത്തിന് കരുത്ത് പകരാൻ ഈ ചർച്ച സഹായകമാകുമെന്ന് വിശ്വസിക്കുന്നു. ധന്യമായ ഗാന്ധിജിയുടെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: രക്തസാക്ഷിത്വത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ഗാന്ധിജിയെ ഇന്നും ഓർമ്മിക്കുകയാണ്. ലോകത്തെമ്പാടുമുള്ള സ്വാതന്ത്ര്യമോഹികൾക്കും പൗരാവകാശത്തെക്കുറിച്ച് ചിന്തിക്കുന്നവർക്കും സമാധാനപ്രിയർക്കുമൊക്കെ പ്രചോദനമായി ഗാന്ധിയൻ ആദർശങ്ങൾ നിലകൊള്ളുന്നു. തോക്കിലൂടെ രാജ്യങ്ങൾ കീഴടക്കാമെന്ന് കരുതിയിരുന്ന കാലഘട്ടത്തിലാണ് അദ്ദേഹം അഹിംസയിലൂടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസങ്ങളിൽനിന്നുമുള്ള മോചനം കൂടി അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആത്മീയമൂല്യങ്ങളിൽ ഉറച്ചുവിശ്വസിച്ചിരുന്ന അദ്ദേഹം മതമൗലികവാദത്തെ തിരസ്കരിച്ചിരുന്നു. ഗ്രാമങ്ങളെ ശാക്തീകരിച്ചുകൊണ്ട് രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കുക എന്ന ചിന്ത നമുക്ക് പ്രചോദനമാകണം. അദ്ദേഹത്തിന്റെ സ്മരണകൾക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഐക്യരാഷ്ട്ര സംഘടന ഗാന്ധിജിയുടെ ജന്മദിനം അഹിംസാദിനായി ആചരിക്കുന്ന സന്ദർഭത്തിലാണ് ജന്മനാട്ടിൽ അദ്ദേഹത്തെ നികൃഷ്ടമായി ചിത്രീകരിക്കുന്നത്. ഗാന്ധിഘാതകനെ

ചരിത്രപുരുഷനായി വാഴ്ത്തുന്ന നടപടികളാണ് ഇന്നത്തെ ഭരണാധികാരികൾക്കുള്ളത്. രാജ്യം ഇന്ന് നേരിടുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പ്രത്യാഘാതങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഏകമാർഗ്ഗം ഗാന്ധിയിലേയ്ക്ക് മടങ്ങുക എന്നതു മാത്രമാണ്.

ശ്രീ. ഒ. രാജഗോപാൽ: ലോകം ആദരിക്കുന്നവരിൽ ഏറ്റവും ഉന്നതനും വരുംതലമുറയെപ്പറ്റി ചിന്തിക്കുന്ന ഒരു മാതൃകാപുരുഷനുമായിരുന്നു മഹാത്മാഗാന്ധി. ഭാവിതലമുറയിൽ ഗാന്ധിജിയെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്നതിന് പാഠപുസ്തകങ്ങളിൽ അദ്ദേഹത്തെക്കുറിച്ചുള്ള പാഠം ഉൾപ്പെടുത്തണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ഒരു ദിവസത്തെ സമ്മേളനമാക്കി അദ്ദേഹത്തോടുള്ള ആദരവ് രേഖപ്പെടുത്തിയതിലൂടെ ഈ സഭ ഇന്ത്യയിലെ മറ്റ് സഭകൾക്ക് മാതൃകയാകുകയാണ്. അഹിംസയും സത്യസന്ധതയും ഉയർത്തിപ്പിടിക്കുകയും നന്മകളും തിന്മകളും തന്റെ ചിന്തകളിൽ വന്ന അബദ്ധങ്ങൾപോലും എഴുതി പ്രസിദ്ധീകരിക്കാൻ കഴിയുന്ന ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. ബൈബിളും ഖുറാനും ഭഗവത്ഗീതയും സമന്വയിപ്പിച്ച് അതിനനുസരിച്ച് രാജ്യത്തെ മുന്നോട്ടു

നയിച്ച മാതൃകാപുരുഷനാണ് ഗാന്ധിജി. ഗാന്ധിജിയുടെ ഓർമ്മ നിലനിർത്തേണ്ടത് സമൂഹനന്മയ്ക്ക് അത്യന്താപേക്ഷിതമാണ്.

മി. സ്പീക്കർ: ഈ സമ്മേളനത്തിന് മുമ്പായി ഗാന്ധിദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ച സാംസ്കാരിക വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. പരമ്പരാഗതമായ അർത്ഥത്തിലുള്ള തത്വചിന്താ ശീലങ്ങളെ തിരസ്കരിച്ചുകൊണ്ടാണ് ഗാന്ധിദർശനം കാലാതീതമാകുന്നത്. ജീവിത യാഥാർത്ഥ്യങ്ങളെ നിരന്തരം നവീകരിച്ച് പുതിയ അറിവുകൾ സ്വീകരിക്കുകയാണ് അദ്ദേഹത്തിന്റെ ദർശനത്തിന്റെ പ്രത്യേകത. അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കേരള നിയമസഭയിൽ ഒരു ഗാന്ധി പഠന കേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയാണെന്ന വിവരം അറിയിക്കുന്നു. സമ്മേളനം പിരിഞ്ഞതിനുശേഷം എല്ലാവരും ഒരുമിച്ച് നിയമസഭാ വളപ്പിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന അർപ്പിക്കുന്നതാണ്.

സഭ രാവിലെ 10.56-ന് പിരിഞ്ഞു.

*****